**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 380** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സാംസ്കാരികവും കലാപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീമതി കെ.കെ.രമ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സാംസ്കാരികവും കലാപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും തനിമയോടെ നിലനിർത്തുന്നതിനും വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗക്കാരുടെ തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവ പുതുതലമുറക്ക് മുൻപിൽ അവതരിപ്പിക്കുന്നതിനും വേണ്ടി 'ഗദ്ദിക' എന്ന പേരിൽ ഒരു വർഷം സംസ്ഥാനത്തെ രണ്ട് ജില്ലകളിൽ 10 ദിവസം നീളുന്ന കലാമേള സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന എം.ആർ. എസ്/ഹോസ്റ്റൽ അന്തേവാസികളുടെ കലാമേളയായ 'സർഗ്ഗോത്സവത്തിലും' പട്ടികവർഗക്കാരുടെ തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് അവസരങ്ങൾ നൽകി വരുന്നുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് & ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (കിർത്താഡ്സ്) എന്ന സ്ഥാപനം മുഖേന നടപ്പിലാക്കി വരുന്ന ആദികലാകേന്ദ്രത്തിൽ പട്ടികവർഗ കലകൾ അവതരിപ്പിക്കുന്നതിന് ടി വിഭാഗത്തിലെ യുവതീയുവാക്കളെ കണ്ടെത്തി പരിശീലനം നൽകി വരുന്നുണ്ട്. ആദികലാകേന്ദ്രം മുഖേന വർഷംതോറും നിരവധി നാടൻ കലാമേളകൾ അവതരിപ്പിക്കുന്നുണ്ട്. അന്യം നിന്നു പോകുമായിരുന്ന നിരവധി നാടൻകലാമേള കണ്ടെത്തുകയും സംരക്ഷിക്കുകയും ചെയ്തു വരുന്നു. കേരളത്തിന്റെ ഗോത്രസംസ്കാരം മറ്റ് ദേശങ്ങളിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഛത്തീസ്ഗഡിൽ നടക്കുന്ന ദേശീയ ട്രൈബൽ ഡാൻസ് ഫെസ്റ്റിവലിൽ ഇടുക്കിയിലെ മറയൂരിൽ നിന്നുള്ള കലാകാരൻമാരുടെ സംഘത്തെ പങ്കെടുക്കുന്നതിനായി കേരളത്തിൽ നിന്നും അയച്ചിട്ടുണ്ട്. |
| (ബി) | ആദിവാസി വിഭാഗങ്ങളുടെ പച്ചമരുന്നുകളെക്കുറിച്ചും ഒറ്റമൂലികളെക്കുറിച്ചുമുള്ള അറിവ് | (ബി) | ഗോത്രവർഗക്കാരുടെ സാംസ്കാരികവും പാരിസ്ഥിതികവുമായ ചുറ്റുപാടിൽ രൂപം കൊണ്ട |

| | | | |
|---|---|---|---|
| | പൊതുജനങ്ങളിലെത്തിക്കുവാനും അവ ശാസ്ത്രീയമായി തെളിയിക്കുവാനും നടത്തുന്ന ശ്രമങ്ങൾ വ്യക്തമാക്കാമോ; | | വൈദ്യരീതികൾ, വൈദ്യപ്രയോഗങ്ങൾ, വൈദ്യവിശ്വാസങ്ങൾ എന്നിവയെയും ഒറ്റമൂലി പച്ചമരുന്നു സമ്പ്രദായങ്ങളെയും ഒന്നടങ്കം 'വംശീയവൈദ്യം' എന്നതിന്റെ കീഴിൽ കിർത്താഡ്സ് സംരക്ഷിക്കുന്നുണ്ട്. വൈദ്യന്മാരുടെ ക്യാമ്പുകൾ, പരിശീലന കളരികൾ എന്നിവ നടത്തി അവയെ അന്യം നിൽക്കാതെ സംരക്ഷിയ്ക്കുന്നു. മേളകളിലും മറ്റു ക്യാമ്പുകളിലും വംശീയ വൈദ്യചികിത്സകർക്കായുള്ള ഇടം ഒരുക്കുന്നുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ഗദ്ദിക കലാമേളകളിലും, കിർത്താഡ്സിന്റെ ആദികലാകേന്ദ്രം മുഖേനയും പട്ടികവർഗക്കാരുടെ തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുള്ള വേദികൾ ഒരുക്കി നൽകുകയും, അന്യം നിന്ന് പോകുമായിരുന്ന കലാരൂപങ്ങളെ കണ്ടെത്തുകയും തനത്കലാരൂപങ്ങൾ അഭ്യസിക്കുവാൻ താൽപ്പര്യമുള്ള യുവതീയുവാക്കളെ കണ്ടെത്തി പരിശീലനം നൽകുകയും അവയുടെ ഡോക്യുമെന്റേഷൻ നടത്തുകയും ചെയ്യുന്നു. വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന പട്ടിക വർഗ വിഭാഗങ്ങളിലെ കലാസമിതികൾക്കും കലാകാരൻമാർക്കും വാർഷിക ഗ്രാന്റ് കിർത്താഡ്സ് മുഖേന നടത്തുന്നുണ്ട്. പരമ്പരാഗതവും കരകൗശലവൈദഗ്ധ്യങ്ങളും അന്യം നിന്ന് പോകാതിരിക്കുന്നതിന് ഈ ഗ്രാൻറ് വിതരണം സഹായകമാകുന്നുണ്ട്. വംശീയ വൈദ്യ അറിവുകൾ സംരക്ഷിക്കുന്നതിനായി കിർത്താഡ്സ് മുഖേന ഗവേഷണം നടത്തുകയും, വിവര ശേഖരണം നടത്തി അവയെ സമുദായക്രമത്തിൽ "ഹോർത്തൂസ് മലബാറിക്കസ്" ഗ്രന്ഥത്തിന്റെ മാതൃകയിൽ എൻസൈക്ലോപീഡിയ തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. വംശീയവൈദ്യൻമാരുടെ ഡയറക്ടറി തയ്യാറാക്കുകയും പച്ചമരുന്ന് തോട്ടത്തിനും നടത്തിപ്പിനുമായി വാർഷിക ഗ്രാന്റ് നൽകുന്നതിനുള്ള നടപടികകളും കിർത്താഡ്സ് മുഖേന നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ